പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3986 — 18.10.2011- ൽ മറുപടി നൽകേണ്ടിയിരുന്നത്

## വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. അജിത് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. റവന്യൂ വകുപ്പു മന്ത്രി) |
| (എ) | 2010-2011 വർഷത്തിൽ കേരളത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | 2010-2011 വർഷത്തിൽ കേരളത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ 1,09,04,35,228 രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ അനുവദിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ടോ; | (ബി) | ചെലവഴിച്ചിട്ടില്ല. എന്നിരുന്നാലും സംസ്ഥാന പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ അനുവദിക്കുന്ന തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ അടുത്ത സാമ്പത്തിക വർഷം പ്രസ്തുത തുക കൂടി ഉൾപ്പെടുത്തും. 2010-11 വർഷത്തെ ചിലവഴിക്കാത്ത തുക ആൾട്ടറേഷൻ മെമ്മോറാണ്ടം മുഖേന 2011-12 സാമ്പത്തിക വർഷത്തിലേക്കുള്ള നിധിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിപ്രകാരം വൈക്കം നിയോജക മണ്ഡല ത്തിൽ 2010-2011 വർഷം എത്ര രൂപ അനുവദിച്ചിട്ടുണ്ട്. | (സി) & (ഡി) | ജില്ലാ അടിസ്ഥാനത്തിലാണ് ഫണ്ട് അനുവദിക്കുന്നത്. ആയതിനാൽ നിയോജക മണ്ഡലാടിസ്ഥാനത്തി ലുള്ള വിവരം ലഭ്യമല്ല. |
| (ഡി) | അനുവദിച്ച തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ടോ; | | |
| (ഇ) | തുക ചെലവഴിക്കുന്നതിന് കൂടുതൽ സമയം അനുവദി ക്കുമോ? | (ഇ) | ഭരണാനുമതി നൽകിയ തീയതി മുതൽ ഒരു വർഷമാണ് ഓരോ പ്രവർത്തിയുടെയും കാലാവധി. പണി പൂർത്തിയായ ശേഷമാണ് തുക അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ